# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*535** — **20.11.2019 ലെ മറുപടി**

### കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>,, എസ്.ശർമ്മ<br>,, ആർ. രാജേഷ് | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) കുട്ടനാട്ടിൽ നിരന്തരമായുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് ഇന്റഗ്രേറ്റഡ് വാട്ടർ റിസ്സോഴ്സ് മാനേജ്മെന്റ്, ഫ്ലെഡ് വാണിംഗ് സമ്പ്രദായം എന്നിവ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | എ) ഉണ്ട്. |
| ബി) വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി നടത്തിയ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; | ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| സി) കുട്ടനാട് പ്രദേശത്തെ രൂക്ഷമായ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കാമോ? | സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

വെള്ളപ്പൊക്ക കെടുതി ലഘൂകരണത്തിനു വേണ്ടി പാടശേഖരങ്ങളുടെ പുറം ബണ്ട് ശക്തിപ്പെടുത്തലും ഉയരം വർദ്ധിപ്പിക്കലും അനുബന്ധ പ്രവൃത്തികളായ മോട്ടോർ തറ, പൊതുമട തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളാണ് കുട്ടനാട് പാക്കേജ് പദ്ധതിയിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ തുടങ്ങിയവയുടെ നവീകരണവും ഓരുവെള്ള നിവാരണത്തിനായി നടപ്പാക്കിവരുന്നു.

ഏഴു സ്കീമുകളാണ് കുട്ടനാട് പാക്കേജിൽ ഉറപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 3 സ്കീമുകൾ പൂർത്തീകരിച്ചു. ഇതിൽ നാലു സ്കീമുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്കീം കോഡ് | പ്രവൃത്തിയുടെ പേര് |
|---|---|---|
| **കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച പദ്ധതികൾ** | | |
| 1 | കെ.ഇ.എൽ-1 | എഫ്.എം.പി - കേരളത്തിലെ കുട്ടനാട് മേഖലയിലെ ഗ്രൂപ്പ്-1, 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ |
| 2 | കെ.ഇ.എൽ-2 | എഫ്.എം.പി - കേരളത്തിലെ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടേയും ഗ്രൂപ്പ്-9 ൽ പെട്ട 5 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ |
| 3 | കെ.ഇ.എൽ-3 | എഫ്.എം.പി - കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് -1 ൽപ്പെട്ട (ഗ്രൂപ്പ്-2-5,7,8,10-19) 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ |
| 4 | കെ.ഇ.എൽ-4 | ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ |
| **കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള പദ്ധതി** | | |
| 5 | | തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം |
| **എഫ്.എം.പി സ്കീമിൽ ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ സമർപ്പിച്ച പദ്ധതികൾ** | | |
| 6 | | ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽപെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടേയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ |
| 7 | | തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ |
| **13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ** | | |
| 8 | | തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കു കുറുകെയുള്ള ബ്രിഡ്ജ് കം റഗുലേറ്ററിന്റെ നിർമ്മാണം |
| 9 | | ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റഗുലേറ്ററിന്റെ പുനരുദ്ധാരണം |
| 10 | | മണക്കൽ ചിറ മുതൽ ഒന്നാംകര വരെയുള്ള എ.സികനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ |

1. **കെ.ഇ.എൽ-1**

നെടുമുടി പഞ്ചായത്തിൽ ഉൾപ്പെട്ട 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന ഈ പദ്ധതിക്ക് 2010- ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഈ സ്കീമിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും 31.03.2016 നകം പൂർത്തീകരിച്ചിട്ടുണ്ട്.

| | |
|---|---|
| കേന്ദ്ര സർക്കാർ അംഗീകരിച്ച തുക | - 24.76 കോടി |
| കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ച തുക | - 11.20 കോടി |
| നാളിതുവരം ചിലവഴിച്ച തുക | - 19.92 കോടി |

**കൈവരിച്ച നേട്ടങ്ങൾ**

ഈ സ്കീമിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും നടപ്പാക്കിയതിനുശേഷം. പ്രസ്തുത പാടശേഖരങ്ങളിൽ രണ്ട് കൃഷി നടപ്പാക്കി വരുന്നു. കർഷകർക്ക് വിത്ത്, വളം, വിളവെടുത്തനെല്ല് എന്നിവ സുഗമമായി പാടശേഖരങ്ങളിൽ എത്തിക്കാനും വിപണനത്തിനും സൗകര്യമായിട്ടുണ്ട്. രണ്ട് കൃഷി നടപ്പാക്കിയതുമൂലം നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| സംരക്ഷണം നടത്തിയ ഏരിയ | - 574.83 ഹെക്ടർ |
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - 39.94 കിലോമീറ്റർ |
| മോട്ടോർ തറ/ഷെഡ് | - 37 എണ്ണം |
| പൊതുമട | - 8 എണ്ണം |
| ബോക്സ് /പൈപ്പ് കൾവർട്ട് | - 11 എണ്ണം |

2. **കെ.ഇ.എൽ-2** -

കായൽ ഭാഗത്തെ നാല് പാടശേഖരങ്ങളുടെയും ഗ്രൂപ്പ്-9 ൽ പെട്ട 5 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളും അവക്കിടയിലുള്ള കൊച്ചാർ തുറക്കുന്ന പ്രവൃത്തിയും ഉൾപ്പെടുന്ന ഈ പദ്ധതിക്ക് 2010 ൽ കേന്ദ്രാനുമതി ലഭിച്ചു. ഈ സ്കീമിൽ ഉൾപ്പെട്ട എല്ലാപ്രവൃത്തികളും 30.09.2016 ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 26.11.2016 ൽ ഉണ്ടായ വേലിയേറ്റത്തിൽ ഡി-ബ്ലോക്ക് - ന്റെ കണ്ടരിക്കഴി എന്നറിയപ്പെടുന്ന വളരെയധികം ആഴമുള്ള ഭാഗത്ത് മടവീഴ്ച, സംഭവിക്കുകയും, പ്രസ്തുത ഭാഗത്ത് ബണ്ട് പുനർനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

| | |
|---|---|
| കേന്ദ്ര സർക്കാർ അംഗീകരിച്ച തുക | - 118.913 കോടി |
| കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ച തുക | - 65.8643 കോടി |
| നാളിതുവരെ ചിലവഴിച്ച തുക | - 126.03 കോടി |

**കൈവരിച്ച നേട്ടങ്ങൾ**

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ കൊച്ചാർ തുറന്നതു മൂലം വെളളപ്പൊക്ക സമയത്ത് പമ്പാനദിയുടെ കൈവഴികളിലൂടെ കുട്ടനാടിൽ ഒഴുകി എത്തുന്ന അധിക ജലത്തിനെ വേമ്പനാട്ടു കായലിലേക്ക് ഒഴുക്കി വിടുന്നതിനു സാധ്യമായി. ഈ പദ്ധതിയിൽ ഉൾപ്പെട്ട പാടശേഖരങ്ങളായ റാണി-ചിത്തിര എന്നീ കായൽ നിലങ്ങളിൽ നീണ്ട ഇടവേളക്ക് ശേഷം കൃഷി പുനരാരംഭിച്ചത് വൻനേട്ടമായി കണക്കാക്കുന്നു. പൈലും, സ്ലാബും ഉപയോഗിച്ച് ബണ്ട് ബലപ്പെടുത്തിയ പാടശേഖരങ്ങളിൽ കൃഷി നടപ്പാക്കിവരുന്നു. നെല്ലുല്പ്പാദനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

സംരക്ഷണം നടത്തിയ ഏരിയ - 3265.91 ഹെക്ടർ

| | | |
|---|---|---|
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 65.448 കിലോമീറ്റർ |
| മോട്ടോർ തറ/ഷെഡ് | - | 94 എണ്ണം |
| പൊതുമട | - | 14 എണ്ണം |

3. **<u>കെ.ഇ.എൽ-3 എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് -1 ൽപ്പെട്ട (ഗ്രൂപ്പ് -2-5,7,8,10-19) 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>**

കോട്ടയം, ആലപ്പുഴ ജില്ലകളിലായി 231 പാടശേഖരങ്ങളുടെ പുറം ബണ്ട് സംരക്ഷണത്തിനായി 379.05 കോടി രൂപ വരുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും 11-ാം പദ്ധതിയിൽ 106.13 കോടിരൂപ അനുവദിക്കുകയും ചെയ്തു. ഈ തുകയ്ക്കുള്ള 94 പാടശേഖരങ്ങളിലെ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തു. 57 പ്രവൃത്തികളിൽ 48 പ്രവൃത്തികൾ ഇതിനോടകം പൂർത്തികരിച്ചു. 7 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്തു. 2 പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലാണ്.

| | | |
|---|---|---|
| കേന്ദ്ര സർക്കാർ അംഗീകരിച്ച തുക | - | 106.13 കോടി |
| കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ച തുക | - | 49.64 കോടി |
| നാളിതുവരെ ചിലവഴിച്ച തുക | - | 87.93 കോടി |

**<u>കൈവരിച്ച നേട്ടങ്ങൾ</u>**

47 പാടശേഖരങ്ങളുടെ പുറം ബണ്ട് സംരക്ഷണം നടന്നതുമൂലം 2818 ഹെക്ടർ പാടശേഖരത്ത് രണ്ടാം കൃഷി/ മീൻ വളർത്തൽ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ നെല്ലിന്റെ ഉത്പാദനം വളരെയധികം കൂട്ടാൻ കഴിഞ്ഞു.

| | | |
|---|---|---|
| സംരക്ഷണം നടത്തിയ ഏരിയ | - | 2818 ഹെക്ടർ |
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 128.636 കിലോമീറ്റർ |
| മോട്ടോർ തറ/ഷെഡ് | - | 61 എണ്ണം |
| പൊതുമട | - | 68 എണ്ണം |
| ബോക്സ് കൾവേർട്ട് | - | 14 എണ്ണം |
| പൈപ്പ് കൾവർട്ട് | - | 22 എണ്ണം |

4. **<u>കെ.ഇ.എൽ-4 - ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ</u>**

ആലപ്പുഴ ജില്ലയിലെ അച്ചൻകോവിലാറിന് തെക്കുവശത്തുള്ള പ്രദേശങ്ങൾ ഓണാട്ടുകര എന്നറിയപ്പെടുന്നു. നെൽകൃഷിയ്ക്ക് പുരാതന കാലം മുതൽ ഈ പ്രദേശം പ്രശസ്തമായിരുന്നു. ഓണാട്ടുകരയിലെ ജലനിർഗ്ഗമന തോടുകളെല്ലാംതന്നെ എക്കലടിഞ്ഞും പോളയും മറ്റു ജലസസ്യങ്ങളും നിറഞ്ഞ് നീരൊഴുക്കു തടസ്സപ്പെടുയും 20 വർഷങ്ങളോളമായി നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങൾ എല്ലാം തന്നെ നാശോന്മുഖമായും ചെയ്തിരിക്കുകയായിരുന്നു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഓണാട്ടുകര പ്രദേശത്തെ നീരൊഴുക്കു തോടുകൾ ശുചിയാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും FMP (ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം) സ്കീം നടപ്പിലാക്കുവാൻ തീരുമാനിച്ചു. അപ്രകാരം ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർഷെഡ്ഡുകൾ നവീകരിക്കുന്നതിന് 252.75 കോടി രൂപയ്ക്ക് FMP സ്കീമിൽ G.O.(Rt) No. 425/2011/WRD dated 26/04/2011 പ്രകാരം ഭരണാനുമതി ലഭിച്ചു. പ്രസ്തുത സ്കീമിന് 248.39 കോടി രൂപക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റേയും പ്ലാനിംഗ് കമ്മീഷന്റേയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർഷെഡ്ഡുകൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾക്ക് 2010 ഷെഡ്യൂൾ റേറ്റു പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുകയും വർക്കുകൾ ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരുടെ ഭാഗത്തു നിന്നും വേണ്ടത്ര

പ്രതികരണമുണ്ടായില്ല. തുടർന്ന് 2012 ഷെഡ്യൂൾ റേറ്റ് പ്രകാരം എസ്റ്റിമേറ്റുകൾ പരിഷ്കരിക്കുകയും കരിപ്പുഴ, കരിങ്ങാലിൽച്ചാൽ എന്നീ വാട്ടർഷെഡ്ഡുകളുടെ വലിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് ചെറിയ എസ്റ്റിമേറ്റുകളായി വിഭജിക്കുകയും ചെയ്തു. അപ്രകാരം 12 വാട്ടർഷെഡ്ഡുകളിലായി 44 വർക്കുകൾ ഉണ്ട്. ഇതിൽ 43 എസ്റ്റിമേറ്റുകൾക്കും സാങ്കേതിക അനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. 5 വാട്ടർഷെഡുകളിലായി 23 വർക്കുകൾക്ക് കരാറുകാരുടെ പ്രതികരണമുായി. 21 വർക്കുകൾക്ക് എഗ്രിമെന്റ് വച്ച് പണി പുരോഗമിക്കുന്നു. 16 വർക്കുകൾ പൂർത്തിയായി. 2 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും 1 എണ്ണം ഫോർക്ലോസ് ചെയ്യുകയും ചെയ്തു. 2 പ്രവൃത്തി പൂർത്തീകരണാവസ്ഥയിലാണ്.

| | | |
|---|---|---|
| കേന്ദ്ര സർക്കാർ അംഗീകരിച്ച തുക | - | 70 കോടി |
| കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ച തുക | - | 11.25 കോടി |
| നാളിതുവരെ ചിലവഴിച്ച തുക | - | 58.65 കോടി |

**കൈവരിച്ച നേട്ടങ്ങൾ**

| | | |
|---|---|---|
| സംരക്ഷണം നടത്തിയ ഏരിയ | - | 5834 ഹെക്ടർ |
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 33.6കിലോമീറ്റർ |
| മോട്ടോർ തറ/ഷെഡ് | - | 1 എണ്ണം |
| പൈപ്പ് കൾവർട്ട് | - | 11 എണ്ണം |
| ഫുട്ട് ബ്രിഡ്ജ് | - | 17 എണ്ണം |
| വി.സി.ബി | - | 3 എണ്ണം |
| റാംപ് വിത്ത് കടവ് | - | 27 എണ്ണം |

5. **ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽപെട്ടന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടേയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ലഘൂകരണം എന്ന പദ്ധതിക്ക് G.O.(Rt) No. 1072/2013/WRD dated 03/10/2013 എന്ന ഉത്തരവ് പ്രകാരം ഉൾപ്പെട്ട 758.39 കോടിയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് 397 പാടശേഖരങ്ങളിലെ പ്രവൃത്തികൾ ടെൻഡർ ചെയ്തു.

397 വർക്കുകൾ ടെൻഡർ ചെയ്തതിൽ 83 വർക്കുകൾക്ക് മാത്രമെ പ്രതികരണം ലഭിച്ചിട്ടുള്ളൂ. ഇതിൽ 57 വർക്കുകൾക്ക് എഗ്രിമെന്റ് വക്കുകയും 52 വർക്കുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2 വർക്കുകൾ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. 1 പ്രവൃത്തി പൂർത്തീകരണാവസ്ഥയിലാണ്.

| | | |
|---|---|---|
| എഗ്രിമെന്റ് വച്ച പ്രവൃത്തികൾ | - | 57 എണ്ണം |
| നടപ്പാക്കിയ പ്രവൃത്തികൾ | - | 54 എണ്ണം |
| ടെർമിനേറ്റ് ചെയ്തത് | - | 2 എണ്ണം |
| പൂർത്തീകരിച്ച പ്രവൃത്തികൾ | - | 52 എണ്ണം |
| നാളിതുവരെ ചിലവഴിച്ച തുക | - | 158.393 കോടി |

**കൈവരിച്ച നേട്ടങ്ങൾ**

എല്ലാ പാടശേഖരങ്ങളിലും രണ്ടു കൃഷി നടപ്പാക്കി വരുന്നു. കർഷകർക്ക് വിത്ത്, വളം വിളവെടുത്ത നെല്ല് എന്നിവ സുഗമമായി പാടശേഖരങ്ങളിൽ എത്തിക്കാനും വിപണനത്തിനും സൗകര്യമൊരുക്കിയിട്ടുണ്ട്. ഓരോ കൃഷിക്കും മുന്നൊരുക്കമായി നടത്തേണ്ട ബണ്ട് ബലപ്പെടുത്തിന്നതിനു വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും കർഷകർക്ക് മോചനം ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സംരക്ഷണം നടത്തിയ ഏരിയ | - | 3871.75 ഹെക്ടർ |

| | | |
|---|---|---|
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 177.64 കിലോമീറ്റർ |
| മോട്ടോർ തറ/ഷെഡ് | - | 166 എണ്ണം |
| പൊതുമട | - | 29 എണ്ണം |
| ബോക്സ് / പൈപ്പ് കൾവേർട്ട് | - | 24 എണ്ണം |
| തൂമ്പുകൾ | - | 587 എണ്ണം |

6. **തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം**

**അടങ്കൽ തുക 255.335 കോടി രൂപ**

1975 ൽ കമ്മീഷൻ ചെയ്ത തണ്ണീർമുക്കം ബണ്ട് കുട്ടനാടൻ പാടശേഖരങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുവാൻ വേണ്ടിയാണ് നിർമ്മിച്ചത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങളുടെ പണികൾ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളു. മൂന്നാം ഘട്ടം (മദ്ധ്യഭാഗം) ഒരു മൺചിറയായി നിലനിർത്തിയിരിക്കുകയായിരുന്നു. ഈ ഭാഗം റെഗുലേറ്റർ കം ബ്രിഡ്ജ് (ആർ.സി.ബി) ആയി പുനർനിർമ്മിച്ച് ഓരുവെള്ളനിയന്ത്രണവും വെള്ളപ്പൊക്ക ലഘൂകരണവും സാധ്യമാക്കാനാണ് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

ഈ റെഗുലേറ്ററിന് 1402 മീറ്റർ നീളവും 90 ഷട്ടറുകളുമാണ് ഉള്ളത്. ഈ ഷട്ടറുകളുടെ പ്രവർത്തനം ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള ഉപദേശക സമിതിയുടെ നിർദ്ദേശപ്രകാരം ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗമാണ് നിർവ്വഹിച്ചുവരുന്നത്. എല്ലാ വർഷവും ഡിസംബർ മധ്യത്തോടെ ഷട്ടറുകൾ അടയ്ക്കുകയും കൃഷിയുടെ സമയക്രമമനുസരിച്ച് മാർച്ച് മാസം പകുതിയോടെ ഷട്ടറുകൾ തുറക്കുകയുമാണ് പതിവ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ നിർദ്ദേശപ്രകാരം മധ്യഭാഗത്തുള്ള മൂന്നാം ഘട്ടത്തിന്റെ നിർമ്മാണം 2014 ൽ ആരംഭിക്കുകയും 2018 ൽ 95 % പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കായലിനു കുറുകെ 3-ാം ഘട്ട ബാരേജിനു തെക്കുഭാഗത്തായി ഉണ്ടായിരുന്ന മൺചിറ (Road cofferdam) പൊളിച്ചു മാറ്റിയിട്ടുണ്ട്. ഇതിന് 65 ലക്ഷം രൂപ ചെലവായി. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തീരുമാനം അനുസരിച്ച് ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്. ഈ പദ്ധതിക്ക് നാളിതുവരെ 196.924 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

7. **തോട്ടപ്പള്ളി സ്പിൽ വേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ**

മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപന ചെയ്തത്. എന്നാൽ അഴിമുഖം മണലടിഞ്ഞ് സ്പിൽവേയുടെ പ്രവർത്തനക്ഷമത കുറയുകയും ഓരോ വർഷവും മഴക്കാലം തുടങ്ങുമ്പോൾ മണ്ണ് നീക്കം ചെയ്ത് സ്പിൽവേയുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുകയുമാണ് ചെയ്ത് പോരുന്നത്. തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന പദ്ധതിക്ക് G.O.(Rt)No. 1141/2013/WRD dated 22/10/2013 എന്ന ഉത്തരവ് പ്രകാരം 13.49 കോടിരൂപയുടെ ഭരണാനുമതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സ്പിൽവേയുടെ നിലവിലുള്ള മുഴുവൻ പഴയ ഷട്ടറുകളും മാറ്റി സ്റ്റയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. കായൽ ഭാഗത്ത് ഭാഗികമായി ഡ്രഡ്ജിംഗ് പണികൾ മെക്കാനിക്കൽ വിഭാഗം നേരിട്ട് നടത്തി. ഈ പദ്ധതിക്കിതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

8. <u>13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ</u>

**1. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റഗുലേറ്ററിന്റെ പുനരുദ്ധാരണം.**

പട്ടണക്കാട് പ്രദേശത്തെ റഗുലേറ്ററിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പട്ടണക്കാട് പഞ്ചായത്തിലെ റഗുലേറ്റർ കം ബ്രിഡ്ജ് എഴുപുന്ന പഞ്ചായത്തിലെ പെണ്ണടി റഗുലേറ്റർ, കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റഗുലേറ്റർ, പുല്ലൻചിറ ചാത്തൻ ചിറ തോടിലെ സ്ലൂയീസിന്റെ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ പുല്ലുവേലി റഗുലേറ്റർ ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. പുല്ലുവേലി റഗുലേറ്ററുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഹൈകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പ്രവൃത്തികൾക്ക് മൊത്തം 4.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**2. എ.സീ കനാൽ നവീകരണം**

13-ാം ധനകാര്യകമ്മീഷണിൽ ഉൾപ്പെടുത്തി എ.സി.കനാലിൽ ഉൾപ്പെട്ട മനക്കൽചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗത്തെ കനാൽ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗമായ ഒന്നാംകര മുതൽ പള്ളാതുരുത്തി വരെയുള്ള 8.55 കിലോ മീറ്റർ കനാൽ വിപുലീകരണത്തിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. എന്നാൽ പ്രസ്തുത ഭാഗത്തെ കയ്യേറ്റവും കുടിയൊഴിപ്പിക്കലും പദ്ധതി നടത്തിപ്പിന് പ്രതികൂലമായ സാഹചര്യമാണ് നിലവിലുള്ളത്.

| | | |
|---|---|---|
| പൂർത്തീകരിച്ച ബണ്ടിന്റെ നീളം | - | 9.78 കിലോമീറ്റർ |
| ചിലവഴിച്ച തുക | - | 6.32 കോടി |

**3. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കു കുറുകെയുള്ള ബ്രിഡ്ജ് കം റഗുലേറ്ററിന്റെ നിർമ്മാണം**

ഓരുവെള്ള നിയന്ത്രണത്തിന്റെ ഭാഗമായി കരിയാർ നദിക്കു കുറുകെ 27.86 കോടി രൂപ മുടക്കി നിർമ്മിച്ച ബ്രിഡ്ജ് കം റഗുലേറ്ററിന്റെ പണികൾ പൂർത്തീകരിച്ചു.

13-ാം ധനകാര്യകമ്മീഷന്റെ പ്രവൃത്തികൾക്കെല്ലാം കൂടി 39.08 കോടി രൂപ ചിലവാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 30.09.2016 ൽ അവസാനിച്ചു.

# അനുബന്ധം II

കുട്ടനാട് പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കിഫ്ബി 2017-18 ൽ ഉൾപ്പെടുത്തിയ കുട്ടനാട് കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടത്തിന് കിഫ്ബിയിൽ നിന്നും 289.54 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നീരേറ്റുപുറത്തു പ്രതിദിനം 30 ദശലക്ഷം ലിറ്റർ ഉത്പാദന ശേഷിയുള്ള ശുദ്ധീകരണ ശാല, പമ്പാ നീരേറ്റുപുറത്ത് കിണറും പമ്പ് ഹൗസും, തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വീയപുരം, വെളിയനാട് എന്നീ 13 പഞ്ചായത്തുകളിൽ ഓരോ ഉന്നതതല ജലസംഭരണികൾ, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, 895 കിലോമീറ്റർ വിതരണ ശൃംഖല എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ പ്രവർത്തികളുമായി ബന്ധപ്പെട്ട നിലം നികത്തി കരഭൂമിയാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനാവശ്യമായ മൂന്നു നിലങ്ങളിൽ 2 എണ്ണത്തിന് സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങളിൽ 6 എണ്ണം (തകഴി, എടത്വ, മുട്ടാർ, രാമങ്കരി, കാവാലം) കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ വരുന്ന സ്ഥലങ്ങളാണ്. കൂടാതെ നീലംപേരൂർ പഞ്ചായത്തിൽ വാലടി കുട്ടമ്മേൽ ദേവസ്വം ബോർഡ് വക സ്ഥലം വിട്ടുതരാൻ ദേവസ്വത്തിൽ നിന്നും അനുവാദം ലഭിക്കുകയും, ആയത് പുറമ്പോക്കിൽപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ വെളിയനാട്, പുളിങ്കുന്ന് പഞ്ചായത്തുകളിലെ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. പഞ്ചായത്ത് അധീനതയിലുള്ള നിലം കൈമാറുവാൻ വേണ്ടി കൈനകരി പഞ്ചായത്തിലും ചമ്പക്കുളം പഞ്ചായത്തിലും കത്തുകൾ നല്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പുറമ്പോക്ക് ഭൂമി വിട്ടുനൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നെടുമുടി, വീയപുരം പഞ്ചായത്ത് അധികൃതർക്ക് കത്ത് നല്കിയിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ജലസംഭരണികളുടെ നിർമ്മാണ സ്ഥലത്തും ജലശുദ്ധീകരണ ശാലയുടെ നിർമ്മാണ സ്ഥലത്തും പമ്പ് ഹൗസ് നിർമ്മിക്കുന്നിടത്തും മണ്ണ് പരിശോധിക്കുന്നതിനായി തിരുവനന്തപുരം എൻജിനിയറിങ് കോളേജിനെ ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ അടിയന്തിരമായി നിർമ്മിക്കാൻ പോകുന്ന നീരേറ്റുപുറം-കിടങ്ങറ റോഡിൽ ഉൾപ്പെട്ട പമ്പിംഗ് മെയിനും വിതരണ ലൈനും ഉൾപ്പെടുന്ന എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്.

മേൽ പറഞ്ഞ ഉത്പാദന ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നല്കി പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കുട്ടനാട്ടിലെ 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വീയപുരം, വെളിയനാട് എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നതാണ്.